**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1092** **15-10-2026-ൽ മറുപടിയ്ക്ക്**

**അടയമൺ-തൊളിക്കുഴി റോഡിന്റെ നിർമാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി റോഡിന്റെ നിർമ്മാണത്തിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

**മറുപടി:** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അടയമൺ - തൊളിക്കുഴി റോഡിന്റെ നിർമ്മാണത്തിൽ കരാറുകാരൻ ബിറ്റുമിനസ് മെക്കാഡം (BIT BM) വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബിറ്റുമിനസ് കോൺക്രീറ്റ് (BC) പ്രവൃത്തികളും റോഡ് സേഫ്റ്റി പ്രവൃത്തികളും ഇനി പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത റോഡിലൂടെ ക്വാറിയിൽ നിന്നും വലിയ ടോറസ് ലോറികൾ നിരന്തരം സഞ്ചരിക്കുന്നതിനാൽ റോഡ് ഗതാഗതയോഗ്യമായ നിലയിൽ നിലനിർത്തുന്നതിനും ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രയാസം നേരിടുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ റോഡിന്റെ ഘടനാപരമായ പര്യാപ്തതയും ദീർഘകാല സേവനക്ഷമതയും ഉറപ്പാക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ നിലവിലുള്ള sub grade, sub base എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ, കരാർ വ്യവസ്ഥകൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി പ്രസ്തുത പ്രവൃത്തി, നിലവിലെ ഘട്ടത്തിൽ അവസാനിപ്പിച്ച് പ്രവർത്തി റീ അറേഞ്ച് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**(ബി)** ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച വകുപ്പുതലനടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അടയമൺ - തൊളിക്കുഴി റോഡിന്റെ നിർമ്മാണത്തിൽ കരാറുകാരൻ ബിറ്റുമിനസ് മെക്കാഡം (BIT BM) വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബിറ്റുമിനസ് കോൺക്രീറ്റ് (BC) പ്രവൃത്തികളും റോഡ് സേഫ്റ്റി പ്രവൃത്തികളും ഇനി പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത റോഡിലൂടെ ക്വാറിയിൽ നിന്നും വലിയ ടോറസ് ലോറികൾ നിരന്തരം സഞ്ചരിക്കുന്നതിനാൽ റോഡ് ഗതാഗതയോഗ്യമായ നിലയിൽ നിലനിർത്തുന്നതിനും ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പ്രയാസം നേരിടുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ റോഡിന്റെ ഘടനാപരമായ പര്യാപ്തതയും ദീർഘകാല സേവനക്ഷമതയും ഉറപ്പാക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ നിലവിലുള്ള sub grade, sub base എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ, കരാർ വ്യവസ്ഥകൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി പ്രസ്തുത പ്രവൃത്തി, നിലവിലെ ഘട്ടത്തിൽ അവസാനിപ്പിച്ച് പ്രവർത്തി റീ അറേഞ്ച് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**